# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 33 — 6.2.2013 ൽ മറുപടിയ്ക്ക്

**കൊച്ചി മെട്രോറെയിൽ പദ്ധതിക്ക് അന്താരാഷ്ട്ര സംഘടനകളിൽ നിന്നും ധനസഹായം**

ചോദ്യം
ശ്രീ.ബി.ഡി.ദേവസ്സി
ശ്രീ.കെ.രാധാകൃഷ്ണൻ
ശ്രീ.എസ്. ശർമ്മ
ശ്രീ.പി.ശ്രീരാമകൃഷ്ണൻ

ഉത്തരം
ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് ഏതെല്ലാം അന്താരാഷ്ട്ര സംഘടനകളിൽ നിന്നും ധനസഹായം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കൊച്ചി മെട്രോ പദ്ധതിക്കായി ജപ്പാൻ ഇന്റർ നാഷണൽ കോ ഓപ്പറേഷൻ ഏജൻസി (ജൈക്ക)യിൽ നിന്ന് വായ്പ എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ ഇൻഡ്യയിലെ മറ്റു മെട്രോകമ്പനികൾ ചെയ്തുവരുന്നതുപോലെ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് അനുബന്ധ വായ്പകൾ ലഭ്യമാക്കാനുള്ള സാധ്യതകൾ ആരാഞ്ഞുവരുന്നു. |
| (ബി) | ധനസഹായം നൽകാൻ തയ്യാറാണെന്ന് കാണിച്ച് 'ജയ്ക്ക'യുടെ വാഗ്ദാനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ, ഈ വായ്പയുടെ വിശദാംശം എന്താണെന്ന് വിശദമാക്കുമോ; | (ബി) | ജൈക്കയിൽ നിന്ന് ഔദ്യോഗിക സ്ഥിരീകരണം ലഭിച്ചിട്ടില്ല. വായ്പയ്ക്കായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് അപേക്ഷ നൽകിയതിന്റെ പശ്ചാത്തലത്തിൽ ജൈക്കയിൽ നിന്നുള്ള ഒരു പഠന സംഘം കൊച്ചി മെട്രോ ഓഫീസും പദ്ധതി പ്രദേശങ്ങളും സന്ദർശിച്ചിരുന്നു. |
| (സി) | 'ജയ്ക്ക' സഹായ വാഗ്ദാനം നൽകിയിട്ടും മറ്റ് സ്ഥാപനങ്ങളുമായി ധനസഹായം സംബന്ധിച്ച് ചർച്ച നടത്താൻ കൊച്ചി മെട്രോ നടപടി സ്വീകരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) | ജൈക്കയിൽ നിന്നും വായ്പ ലഭിക്കുമെന്നുള്ള ഔദ്യോഗിക സ്ഥിരീകരണം ഇതുവരെ ലഭിച്ചിട്ടില്ല. ജൈക്കയുടെ മാർഗരേഖ അനുസരിച്ച് , മെട്രോ പദ്ധതിയുടെ ചില ഘടകങ്ങൾക്ക് മാത്രമേ ജൈക്കയിൽ നിന്നുള്ള വായ്പ ഉപയോഗിക്കാനാവൂ. ഇതര മെട്രോ കമ്പനികളുടെ മാതൃകയിൽ കൊച്ചി |

| | | | |
|---|---|---|---|
| | | | മെട്രോ റെയിൽ ലിമിറ്റഡും മറ്റു ജോലികൾക്കായി അനുബന്ധ വായ്പകൾ ഉപയോഗിക്കേണ്ടതായി വരും. ഇതിനായുള്ള ചർച്ചകൾ പ്രാഥമിക ഘട്ടത്തിലാണ്. |
| (ഡി) | പ്രസ്തുത നടപടി കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകിക്കുന്നതിന് ഇടയാക്കുമെന്ന് കരുതുന്നുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ധനസഹായം നേടുന്നത് സംബന്ധിച്ച് കേന്ദ്ര ധനമന്ത്രാലയം എന്തെങ്കിലും നിർദ്ദേശം വച്ചിട്ടുണ്ടോ; എങ്കിൽ, അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ഇ) | ധനസഹായം സംബന്ധിച്ച നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്നുള്ള എല്ലാ ലോണുകളും കേന്ദ്ര ധനകാര്യ വകുപ്പുവഴിയാണ് ലഭ്യമാവുക. |
| (എഫ്) | ഹഡ്കോ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ സ്ഥാപനങ്ങൾ ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എഫ്) | ഉണ്ട്. ഇതിൽ ഹഡ്കോ 563 കോടിയും മറ്റു ധനകാര്യ സ്ഥാപനങ്ങൾ 700 കോടിയുമാണ് ധനസഹായമായി വാഗ്ദാനം നൽകിയിരിക്കുന്നത്. |
| (ജി) | പ്രസ്തുത ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വായ്പ എടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ജി) | ഇതിനായുള്ള പ്രാഥമിക ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ